ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ മാമ്പുകളം വാട്ടർ സ്റ്റേഡിയം

162 (5515) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം നിയോജക മണ്ഡലത്തിൽ എം.എൽ.എ.-യുടെ മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ മാമ്പുകളം വാട്ടർ സ്റ്റേഡിയത്തിന്റെ ഭരണാനുമതി, സാങ്കേതികാനുമതി, എഗ്രിമെന്റ് തീയതി എന്നിവ എന്നാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് ഈ എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭിച്ചതെന്നും പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്തെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികളുടെ സ്കെച്ച്, പ്ലാൻ എന്നിവ ലഭ്യമാക്കാമോ ; എന്നേക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലാ കളക്ടറുടെ ഭരണാനുമതി നമ്പർ 36356/13/F4 തീയതി 28-12-2013. തുക- 24 ലക്ഷം രൂപ. സാങ്കേതികാനുമതി നമ്പർ -362/EE/LSGD2013-14 തീയതി 1-2-2015. തുക - 24 ലക്ഷം രൂപ. എഗ്രിമെന്റ് നമ്പർ- 29/2013-14 തീയതി 28-2-2014.

(ബി) തയ്യാറാക്കിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിന് 2-6-2015-ലെ 362/ഇഇ/തസ്വഭവ/2013-14 പ്രകാരം സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കുളത്തിന്റെ ആഴം കൂട്ടൽ, സൈഡ് ഭിത്തി കെട്ടൽ, സ്ലാബ് നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടോയ്ലറ്റ് നിർമ്മാണം, ഗ്യാലറി നിർമ്മാണം എന്നീ പ്രവൃത്തികൾ താല്ക്കാലികമായി നിർത്തിവച്ചിരിക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തികളുടെ സ്കെച്ച്, പ്ലാൻ എന്നിവ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.* ടി പ്രവൃത്തി രണ്ടുമാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly